**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 320** **23-06-2026-ൽ മറുപടിയ്ക്ക്**

**ഓപ്പറേഷൻ ഡി-ഹണ്ട്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ലഹരി മാഫിയയുടെ വേരറുക്കുക എന്ന ലക്ഷ്യത്തോടെ ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ച 'ഓപ്പറേഷൻ ഡി-ഹണ്ട്: ദ നാർക്കോ ഹണ്ട്' എന്ന വിപുലമായ ലഹരിവിരുദ്ധ കർമ്മപദ്ധതി വഴി ഇതുവരെ കൈവരിച്ച പ്രധാന നേട്ടങ്ങളുടെയും, അറസ്റ്റുകളുടെയും, പദ്ധതിയുടെ ലക്ഷ്യങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ഓപ്പറേഷൻ ഡി-ഹണ്ട്: ദി നാർകോ ഹണ്ടിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ 84 പോലീസ് സബ് ഡിവിഷനുകളിലുമായി, ഓരോ സബ് ഡിവിഷനിലും 4 ടീം വീതം ക്രമീകരിച്ചിട്ടുള്ളതും, ഓരോ ടീമിലും 4 പോലീസ് ഉദ്യോഗസ്ഥരെ വീതം നിയമിച്ച്, "ഓപ്പറേഷൻ ഡി-ഹണ്ട്, ദി നാർകോ ഹണ്ട്" ഫലപ്രദമായി നടപ്പിലാക്കി വരുന്നു. ടി ടീമുകളുടെ സഹായത്തോടെ നിരോധിത മയക്കുമരുന്ന് ഉൽപ്പന്നങ്ങൾ ലഭിക്കുന്ന ഉറവിടം കണ്ടെത്തി തടയുന്നതിനും, ഇതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തുടർന്ന് വിവിധ തരത്തിലുള്ള നിരോധിത മയക്കുമരുന്ന് കൈവശം വച്ചതിന് 02.06.2026 മുതൽ 17.06.2026 വരെ 2954 കേസുകൾ രജിസ്റ്റർ ചെയ്യുകയും 3176 പേരെ അറസ്റ്റ് ചെയ്യുകയുമുണ്ടായി. ഇതു കൂടാതെ COTPA പ്രകാരം 1421 കേസുകൾ കൂടി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഓപ്പറേഷൻ ഡി-ഹണ്ട് : ദി നാർകോ ഹണ്ടിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം വിവിധ ജില്ലകൾ കേന്ദ്രീകരിച്ച് കേരള പോലീസ് 2152-ൽ പരം ബോധവത്കരണ ക്ലാസുകളും 167 കൗൺസിലിങ്ങുകളും സംഘടിപ്പിച്ചിട്ടുള്ളതും, 12 പേരെ ലഹരി വിമുക്തരാക്കുന്നതിലേയ്ക്കായി ഡി-അഡിക്ഷൻ സെന്ററിൽ അയച്ചിട്ടുള്ളതുമാണ്.

ലഹരി സംബന്ധമായ വിവരങ്ങൾ പൊതുജനങ്ങൾക്ക് രഹസ്യമായി അറിയിക്കുന്നതിനായി 9497979794, 9497927797 എന്ന നമ്പറുകളിൽ വിളിക്കാവുന്നതിനും, 9995966666 എന്ന നമ്പരിൽ WhatsApp ചെയ്യാവുന്നതിനുമായി സൗകര്യമൊരുക്കിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്ന് ലഹരിയുടെ വിൽപ്പനയും ഉപയോഗവും സംബന്ധിച്ച വിവരങ്ങൾ അറിയിച്ചുകൊണ്ട് 1600-ൽ പരം ഫോൺ കോളുകളും 1116 വാട്സ് ആപ് മെസ്സേജുകളും അത്തരത്തിൽ ലഭിച്ചിട്ടുള്ളതും ആയതിൻമേൽ ഉടനടി നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

02.06.2026 മുതൽ 17.06.2026 വരെ 3176 പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതും 1.680 Kg MDMA, കൂടാതെ 229.69 Kg കഞ്ചാവും, 464.605 ഗ്രാം ഹാഷിഷ് ഓയിലും, 370.339 ഗ്രാം ബ്രൗൺ ഷുഗറും, 11 LSD സ്റ്റാമ്പുകളും, 154 കഞ്ചാവ് ചെടികളും പോലീസ് ഇവരിൽ നിന്ന് പിടിച്ചെടുക്കുകയുണ്ടായി.

**(ബി)** ലഹരി വിപണനത്തിനായി മാഫിയകൾ വ്യാപകമായി ഉപയോഗിക്കുന്ന ഡാർക്ക് വെബ്, രഹസ്യ സോഷ്യൽ മീഡിയ ഗ്രൂപ്പുകൾ എന്നിവ നിരീക്ഷിക്കാൻ ഐ.ടി വിദഗ്ദ്ധരായ യുവാക്കളെയും വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി പ്രത്യേക 'സൈബർ ത്രഫാൻ വോറിയേഴ്സ്' വിംഗുകൾ രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

**<u>മറുപടി:</u>** പരിഗണിക്കുന്നതാണ്.

**(സി)** പൊതുജന പങ്കാളിത്തത്തോടെ ലഹരിവിരുദ്ധ പോരാട്ടം ശക്തമാക്കാൻ പ്രഖ്യാപിച്ച 'ത്രഫാൻ വോറിയർ' കൂട്ടായ്മകളുടെ രൂപീകരണവും, വിദ്യാർത്ഥികളെ ലഹരിയിൽ നിന്ന് സംരക്ഷിക്കാൻ ക്യാമ്പസുകളിൽ നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികളും ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** ഓപ്പറേഷൻ ത്രഫാന്റെ ഭാഗമായി ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ എല്ലാ തലങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനായി "ത്രഫാൻ വോറിയേഴ്സ്" എന്ന ജനകീയ ശൃംഖല രൂപീകരിക്കുന്നുണ്ട്. വിദ്യാർത്ഥികൾ, യുവജന സംഘടനാ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ, അധ്യാപകർ, കുടുംബശ്രീ പ്രവർത്തകർ, റസിഡന്റ്സ് അസോസിയേഷൻ അംഗങ്ങൾ, സാംസ്കാരിക-സാമൂഹിക രംഗത്തെ പ്രമുഖർ, കായികതാരങ്ങൾ, കലാകാരൻമാർ തുടങ്ങിയവരെ ത്രഫാൻ വോറിയർമാരായി ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ലഹരിവിരുദ്ധ പ്രചാരണത്തിന്റെ ഭാഗമായി സമൂഹത്തിൽ വലിയ സ്വാധീനമുള്ള വ്യക്തികളെയും ഈ പദ്ധതിയുമായി സഹകരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ത്രഫാൻ വോറിയർമാരുടെ പ്രധാന ചുമതലകൾ:

1. ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുക.

2. യുവജനങ്ങൾക്കിടയിൽ ലഹരിയുടെ ദൂഷ്യ ഫലങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക.

3. ലഹരി ഉപയോഗത്തെയും വിൽപ്പനയെയും സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട അധികാരികളെ അറിയിക്കുന്നതിന് പൊതുജനങ്ങളെ പ്രോത്സാഹിപ്പിക്കുക.

4. വിദ്യാലയങ്ങൾ, കോളേജുകൾ, റസിഡൻഷ്യൽ മേഖലകൾ എന്നിവിടങ്ങളിൽ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

5. ലഹരി ഉപയോഗത്തിൽ നിന്ന് മോചനം നേടുന്നതിനുള്ള കൗൺസിലിംഗ്, പുനരധിവാസ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുക.

6. ലഹരിമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ജനകീയ മുന്നേറ്റത്തിന്റെ ഭാഗമായി പ്രവർത്തിക്കുക.

**സെക്ഷൻ ഓഫീസർ**